**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **10-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിന് വേണ്ടി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ (റെസ) വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് 19.10.2023 തീയതിയിൽ എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഏറ്റെടുത്ത ഭൂമിയുടെ അവകാശികൾക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ; ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ (റെസ) വികസനവുമായി ബന്ധപ്പെട്ട് ഏഴ് പേർക്ക് നഷ്ടപരിഹാര തുക നൽകാൻ ശേഷിക്കുന്നു. |
| (സി) | നഷ്ടപരിഹാരം ഇനിയും നൽകാനുള്ളവരുടെ പേരും വിവരങ്ങളും,എത്ര രൂപ വീതം നൽകാൻ ഉണ്ടെന്നും, നഷ്ടപരിഹാരം വൈകുന്നതിന് കാരണം എന്താണെന്നും തരംതിരിച്ച് വിശദമാക്കുമോ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | റൺവെ വികസനത്തിന് വേണ്ടി അടയ്ക്കുന്ന എയർ പോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നഷ്ടപരിഹാര ഇനത്തിൽ നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | പേര് | നഷ്ടപരിഹാര ഇനത്തിൽ നൽകാനുള്ള തുക | നഷ്ടപരിഹാരം നൽകുന്നത് വൈകാനുള്ള കാരണം |
|---|---|---|---|
| 1 | ശ്രീമതി. മുഖ്ഫിറ മുഹമ്മദ് ഫാറൂഖ് മുതൽപേർ | 2,14,73,288/- (രണ്ട് കോടി പതിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) | 2024 ആഗസ്റ്റ് മാസത്തിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. WAMS ക്ലിയറൻസ് ലഭ്യമായിട്ടില്ല. |
| 2 | ശ്രീമതി. ഖൗലത്ത് | 1,36,055/- (ഒരു ലക്ഷത്തി മുപ്പത്തി ആറായിരത്തി അൻപത്തി അഞ്ച് രൂപ മാത്രം) | ശ്രീമതി ഖൗലത്തിന്റെ മാതാവായ മരണപ്പെട്ട സൈനബ എന്നവരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് (LHC) ലഭ്യമായിട്ടില്ല. |
| 3 | ശ്രീമതി. സരോജിനി (ഭർത്താവിന്റെ വിഹിതം) | 34,17,225/- (മുപ്പത്തി നാല് ലക്ഷത്തി പതിനേഴായിരത്തി ഇരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) | കൂട്ടുസ്വത്തായിരുന്നു. സരോജിനിയുടെ വിഹിതം 44,00,000/- (നാൽപത്തിനാല് ലക്ഷം രൂപ മാത്രം) നൽകിയിട്ടുണ്ട്. ഭർത്താവിന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് (LHC) ഹാജരാക്കിയിട്ടില്ല. 34,17,225/- (മുപ്പത്തി നാല് ലക്ഷത്തി പതിനേഴായിരത്തി ഇരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) കോടതിയിൽ കെട്ടി വെക്കണം. |
| 4 | ശ്രീമതി. പുറുങ്ങ | 93,45,912/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി നാൽപത്തി അഞ്ചായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) | മരിച്ച ഭർത്താവ് കറുത്തോൻ ചൂലന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് (LHC) ഹാജരാക്കിയിട്ടില്ല, ഭൂമിയുടെ രേഖകളുമില്ല, ആയതിനാൽ കോടതിയിൽ കെട്ടിവെയ്ക്കണം. |
| 5 | ശ്രീമതി. രമണി | 1,03,56,714/- (ഒരു കോടി മൂന്ന് ലക്ഷത്തി അൻപത്തി ആറായിരത്തി എഴുന്നൂറ്റി പതിനാല് രൂപ മാത്രം) | മരിച്ച ഭർത്താവ് കറുപ്പൻ ചാലിൽ കുഞ്ഞിക്കണ്ണന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് (LHC) ഹാജരാക്കിയിട്ടില്ല, ഭൂമിയുടെ രേഖകളുമില്ല, ടി തുക കോടതിയിൽ കെട്ടിവെയ്ക്കണം. |
| 6 | ശ്രീമതി. ആമിനക്കുട്ടി മുതൽപേർ | 10,04,635/- (പത്ത് ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) | മരിച്ച കണ്ണനാരി അവറാന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് (LHC) ഹാജരാക്കിയിട്ടുണ്ട്. ജോയിന്റ് അക്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. |
| 7 | ശ്രീമതി. സരോജിനി മുതൽപേർ | 8,64,554/- (എട്ട് ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) | മരിച്ച കൃഷ്ണൻ പേട്ടയിൽന്റെ (LHC) ഹാജരാക്കിയിട്ടുണ്ട്. ജോയിന്റ് അക്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. |
| **നഷ്ടപരിഹാരം നൽകാനുള്ള ആകെ തുക = 4,65,98,383/- (നാല് കോടി അറുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി** | | | |

എട്ടായിരത്തി മുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം)